**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3805** **27-06-2024 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ മാനവേദൻ സ്കൂളിലെ മിനി സ്റ്റേഡിയം കോംപ്ലക്സ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. വി. അൻവർ | | ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | നിലമ്പൂർ മാനവേദൻ സ്കൂളിലെ മിനി സ്റ്റേഡിയം കോംപ്ലക്സ് പദ്ധതിയുടെ മേൽനോട്ടത്തിനായി സംയുക്ത മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; ഇതിനായി നടത്തിയ നടപടികൾ വിശദമാക്കാമോ; ആരാണ് സംയുക്ത മാനേജ്മെന്റ് കമ്മറ്റി രൂപീകരിച്ച് ഉത്തരവിറക്കേണ്ടതെന്നും അറിയിക്കാമോ; | (എ) | നിലമ്പൂർ മാനവേദൻ സ്കൂളിലെ മിനി സ്റ്റേഡിയം കോംപ്ലക്സ് പദ്ധതിയുടെ മേൽനോട്ടത്തിനായി സംയുക്ത മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ആയത് രൂപീകരിച്ച് ഉത്തരവിറക്കേണ്ടത് കായിക യുവജനകാര്യ ഡയറക്ടർ ആണ്. ടി പദ്ധതിയുടെ പരിപാലനം, നടത്തിപ്പ് ചുമതലകൾ എന്നിവ സംയുക്ത മാനേജ്മെന്റ് കമ്മിറ്റിക്കായിരിക്കും. പുൽമൈതാനം സംരക്ഷിക്കുന്നതുൾപ്പെടെ, പരിപാലനം സംബന്ധിച്ചുള്ള വിഷയങ്ങൾ ചർച്ച ചെയ്ത്, സ്റ്റേഡിയത്തിന്റെ പ്രവർത്തനം മുഖേന വരുമാനമുണ്ടാക്കുന്ന പദ്ധതികൾ ആവിഷ്കരിച്ച്, ടി വരുമാനത്തിൽ നിന്നും സ്റ്റേഡിയം മേൽനോട്ടം നിർവ്വഹിക്കുന്നതിനാണ് സംയുക്ത മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കുന്നത്. |
| (ബി) | നിലമ്പൂർ മിനി സ്റ്റേഡിയം കോംപ്ലക്സ് എന്ന പദ്ധതിയുടെ പരിപാലന, നടത്തിപ്പ് ചുമതലകൾ സംയുക്ത മാനേജ്മെന്റ് കമ്മിറ്റിക്കായിരിക്കുമോ എന്നറിയിക്കാമോ; പുൽമൈതാനം സംരക്ഷിക്കുന്നതിന് പ്രതിവർഷം എത്ര രൂപ ചെലവ് വരുമെന്നും ആയതിനുള്ള തുക എങ്ങനെ കണ്ടെത്തുമെന്നും വ്യക്തമാക്കാമോ; | (ബി) | നിലമ്പൂർ മാനവേദൻ സ്കൂളിലെ മിനി സ്റ്റേഡിയം കോംപ്ലക്സ് പദ്ധതിയുടെ മേൽനോട്ടത്തിനായി സംയുക്ത മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ആയത് രൂപീകരിച്ച് ഉത്തരവിറക്കേണ്ടത് കായിക യുവജനകാര്യ ഡയറക്ടർ ആണ്. ടി പദ്ധതിയുടെ പരിപാലനം, നടത്തിപ്പ് ചുമതലകൾ എന്നിവ സംയുക്ത മാനേജ്മെന്റ് കമ്മിറ്റിക്കായിരിക്കും. പുൽമൈതാനം സംരക്ഷിക്കുന്നതുൾപ്പെടെ, പരിപാലനം സംബന്ധിച്ചുള്ള വിഷയങ്ങൾ ചർച്ച ചെയ്ത്, സ്റ്റേഡിയത്തിന്റെ പ്രവർത്തനം മുഖേന വരുമാനമുണ്ടാക്കുന്ന പദ്ധതികൾ ആവിഷ്കരിച്ച്, ടി വരുമാനത്തിൽ നിന്നും സ്റ്റേഡിയം മേൽനോട്ടം നിർവ്വഹിക്കുന്നതിനാണ് സംയുക്ത മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കുന്നത്. |

| | | | |
|---|---|---|---|
| (സി) | സംയുക്ത മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കുന്നതിനായി വിവിധ സർക്കാർ സംവിധാനങ്ങളുടെ പ്രതിനിധികളെ ആവശ്യപ്പെട്ട് ഗവ. മാനവേദൻ സ്കൂളിന്റെ ഹെഡ്മാസ്റ്റർ ബന്ധപ്പെട്ടവർക്ക് കത്തുകളയച്ചിട്ടുണ്ടോ; | (സി) | ഉണ്ട്.<br><br>സംയുക്ത മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കുന്നതിനായി കായിക യുവജനകാര്യ ഡയറക്ടറുടെ പ്രതിനിധിയെ നാമനിർദേശം ചെയ്യണമെന്ന് അപേക്ഷിച്ചു കൊണ്ട് ടി സ്കൂളിന്റെ ഹെഡ്മാസ്റ്ററുടെ കത്ത് കായികയുവജനകാര്യാലയത്തിൽ ലഭിച്ചിരുന്നുവെങ്കിലും സംയുക്ത മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കുന്നത് ഹെഡ്മാസ്റ്റർ അല്ല കായിക യുവജനകാര്യ ഡയറക്ടറാണെന്നും, ആയത് രൂപീകരിക്കുന്നതിനു നടപടികൾ സ്വീകരിച്ചു വരുന്നു എന്നും സ്കൂൾ ഹെഡ്മാസ്റ്ററെ അറിയിച്ചിരുന്നു. 05.12.2017-ലെ സ.ഉ(സാധാ)നം.245/2017/കായുവ പ്രകാരം അംഗീകരിച്ചിട്ടുള്ള MoU-ന്റെ അടിസ്ഥാനത്തിൽ സ്റ്റേഡിയം പരിപാലനം, നടത്തിപ്പ് എന്നിവയ്ക്കായി രൂപീകരിക്കേണ്ട സംയുക്ത മാനേജ്മെന്റ് കമ്മിറ്റിയുടെ ഘടന അനുബന്ധമായി ചേർക്കുന്നു. ആയത് പ്രകാരം 11 അംഗങ്ങളെയാണ് സംയുക്ത മാനേജ്മെന്റ് കമ്മിറ്റിയിൽ ഉൾപ്പെടുത്തേണ്ടത്. സ്കൂളിന്റെ പ്രതിനിധി കമ്മിറ്റിയുടെ വൈസ്ചെയർമാൻമാരിൽ ഒരാളായിരിക്കും. |
| (ഡി) | എങ്കിൽ ഏതെല്ലാം സർക്കാർ സംവിധാനങ്ങളാണ് പ്രതിനിധികളെ രേഖാമൂലം അറിയിച്ചിട്ടുള്ളതെന്നും ആരെയൊക്കെയാണ് പ്രതിനിധികളാക്കണമെന്ന് അറിയിച്ചിട്ടുള്ളതെന്നും അവരുടെ പേരുവിവരങ്ങളും വിശദമാക്കാമോ; ആകെ എത്ര അംഗങ്ങളാണ് മാനേജ്മെന്റ് കമ്മിറ്റിയിൽ ഉണ്ടായിരിക്കുകയെന്നും സ്കൂളിന്റെ പ്രതിനിധികളായി ആരൊക്കെ ഉണ്ടായിരിക്കുമെന്നും വ്യക്തമാക്കാമോ; | (ഡി) | ഉണ്ട്.<br><br>സംയുക്ത മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കുന്നതിനായി കായിക യുവജനകാര്യ ഡയറക്ടറുടെ പ്രതിനിധിയെ നാമനിർദേശം ചെയ്യണമെന്ന് അപേക്ഷിച്ചു കൊണ്ട് ടി സ്കൂളിന്റെ ഹെഡ്മാസ്റ്ററുടെ കത്ത് കായികയുവജനകാര്യാലയത്തിൽ ലഭിച്ചിരുന്നുവെങ്കിലും സംയുക്ത മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കുന്നത് ഹെഡ്മാസ്റ്റർ അല്ല കായിക യുവജനകാര്യ ഡയറക്ടറാണെന്നും, ആയത് രൂപീകരിക്കുന്നതിനു നടപടികൾ സ്വീകരിച്ചു വരുന്നു എന്നും സ്കൂൾ ഹെഡ്മാസ്റ്ററെ അറിയിച്ചിരുന്നു. 05.12.2017-ലെ സ.ഉ(സാധാ)നം.245/2017/കായുവ പ്രകാരം അംഗീകരിച്ചിട്ടുള്ള MoU-ന്റെ അടിസ്ഥാനത്തിൽ സ്റ്റേഡിയം പരിപാലനം, നടത്തിപ്പ് എന്നിവയ്ക്കായി രൂപീകരിക്കേണ്ട സംയുക്ത മാനേജ്മെന്റ് കമ്മിറ്റിയുടെ ഘടന അനുബന്ധമായി ചേർക്കുന്നു. ആയത് പ്രകാരം 11 അംഗങ്ങളെയാണ് സംയുക്ത മാനേജ്മെന്റ് കമ്മിറ്റിയിൽ ഉൾപ്പെടുത്തേണ്ടത്. സ്കൂളിന്റെ പ്രതിനിധി കമ്മിറ്റിയുടെ വൈസ്ചെയർമാൻമാരിൽ ഒരാളായിരിക്കും. |

| | | | |
|---|---|---|---|
| (ഇ) | കൃത്യമായ രീതിയിൽ പരിപാലനം ഇല്ലാത്തതിനാൽ നിലമ്പൂർ മിനി സ്റ്റേഡിയം കോംപ്ലക്സിലെ പലയിടങ്ങളും നശിച്ചു കൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; പ്രസ്തുത സ്റ്റേഡിയം കോംപ്ലക്സിന്റെ നടത്തിപ്പിനായുള്ള സംയുകത മാനേജ്മെന്റ് കമ്മിറ്റി എന്നത്തേക്ക് രൂപീകരിക്കാനാവുമെന്നും ഇനിയുള്ള നടപടികളെന്തെല്ലാമെന്നും അറിയിക്കാമോ; | (ഇ) | ഉണ്ട്.<br><br>സ്റ്റേഡിയം നടത്തിപ്പിനായുള്ള സംയുക്ത മാനേജ്മെന്റ് കമ്മിറ്റി എത്രയും വേഗം രൂപീകരിച്ചതിനുശേഷം സംയുക്ത ബാങ്ക് അക്കൗണ്ട് ആരംഭിച്ച് സ്റ്റേഡിയത്തിൽ നിന്നുള്ള വരുമാനം ടി അക്കൗണ്ടിൽ നിക്ഷേപിക്കുകയും ടി തുകയിൽ നിന്നും സ്റ്റേഡിയത്തിന്റെ നടത്തിപ്പും പരിപാലനവും നടത്തുന്നത് സംബന്ധിച്ച് പദ്ധതികൾ മാനേജ്മെന്റ് കമ്മിറ്റി കൂടി തീരുമാനിക്കുകയും ചെയ്യുന്നതാണ്. |
| (എഫ്) | അടിയന്തരമായി കമ്മിറ്റി രൂപീകരിച്ച് പ്രസ്തുത സ്റ്റേഡിയം സംരക്ഷിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുമോ? | (എഫ്) | ഉണ്ട്.<br><br>സ്റ്റേഡിയം നടത്തിപ്പിനായുള്ള സംയുക്ത മാനേജ്മെന്റ് കമ്മിറ്റി എത്രയും വേഗം രൂപീകരിച്ചതിനുശേഷം സംയുക്ത ബാങ്ക് അക്കൗണ്ട് ആരംഭിച്ച് സ്റ്റേഡിയത്തിൽ നിന്നുള്ള വരുമാനം ടി അക്കൗണ്ടിൽ നിക്ഷേപിക്കുകയും ടി തുകയിൽ നിന്നും സ്റ്റേഡിയത്തിന്റെ നടത്തിപ്പും പരിപാലനവും നടത്തുന്നത് സംബന്ധിച്ച് പദ്ധതികൾ മാനേജ്മെന്റ് കമ്മിറ്റി കൂടി തീരുമാനിക്കുകയും ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| Sl No | Name | Designation in the Committee |
|---|---|---|
| 1 | MLA | Patron |
| 2 | President, Panchayath | Chairman |
| 3 | Custodian of the venue or his representative | Vice Chairman |
| 4 | President, District Sports Council | Vice Chairman |
| 5 | Secretary, Panchayath | Secretary |
| 6 | Secretary, District Sports Council | Member |
| 7 | Nominee of the District Collector | Member |
| 8 | One representative nominated by the Directorate of Sports and Youth Affairs | Member |
| 9 | One member nominated by the District Sports Council | Member |
| 10 | One Sportsperson who have represented the state/country in national events, nominated by KSSC/DSYA | Member |
| 11 | SHO of the police station where stadium is located | Member |

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ

# അനുബന്ധം

| Sl No | Name | Designation in the Committee |
|---|---|---|
| 1 | MLA | Patron |
| 2 | President, Panchayath | Chairman |
| 3 | Custodian of the venue or his representative | Vice Chairman |
| 4 | President, District Sports Council | Vice Chairman |
| 5 | Secretary, Panchayath | Secretary |
| 6 | Secretary, District Sports Council | Member |
| 7 | Nominee of the District Collector | Member |
| 8 | One representative nominated by the Directorate of Sports and Youth Affairs | Member |
| 9 | One member nominated by the District Sports Council | Member |
| 10 | One Sportsperson who have represented the state/country in national events, nominated by KSSC/DSYA | Member |
| 11 | SHO of the police station where stadium is located | Member |

സെക്ഷൻ ഓഫീസർ